# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ
ചോദ്യം നം.2371 — 17.08.2017-ൽ മറുപടിയ്ക്ക്

## കലാഭവൻ മണി സ്മാരകം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ.ബി.ഡി.ദേവസ്സി | | ശ്രീ.എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി) |
| (എ) | കലാഭവൻ മണിയുടെ സ്മരണ നിലനിർത്തുന്നതിനായി ചാലക്കുടിയിൽ 'കലാഭവൻ മണി സ്മാരകം' നിർമ്മിക്കുന്നതിനും അന്യം നിന്നുപോകുന്ന പ്രാചീനകലാരൂപങ്ങളിലൊന്നായ 'ഓണം കളി'യെ നിലനിർത്തുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി കലാഭവൻ മണിയുടെ പേരിൽ ചാലക്കുടിയിൽ വച്ച് സംസ്ഥാനതല 'ഓണം കളി' മത്സരം സംഘടിപ്പിക്കുന്നതിനും ഫോക്‌ലോർ അക്കാദമി വഴി പുരസ്കാരങ്ങൾ നൽകുന്നതിനും ആവശ്യമായ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; | (എ) & (ബി) | 2016-17 സാമ്പത്തിക വർഷത്തിലെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ കലാഭവൻ മണി സ്മാരകം നിർമ്മിക്കുന്നതിന് 50 ലക്ഷം രൂപ പ്രഖ്യാപിച്ചിരുന്നു. മേൽ പദ്ധതി കേരള ഫോക്‌ലോർ അക്കാദമി മുഖാന്തിരം നടപ്പിലാക്കുന്നതിനായി 31/3/2017-ലെ സ.ഉ(സാധാ) നം.288/2017/സി.എൽ.എ.ഡി തീയതി പ്രകാരം സർക്കാർ ഭരണാനുമതിയും നൽകിയിട്ടുണ്ട്. ടി തുക അനുവദിക്കുന്നതിലേയ്ക്കായി സ്മാരകത്തിനായുള്ള സ്ഥലവും അടിസ്ഥാന സൗകര്യവും ലഭ്യമാക്കുവാൻ കേരള ഫോക്‌ലോർ അക്കാദമിയോട് ആവശ്യപ്പെട്ടിരിക്കുകയാണ്. ടി പദ്ധതി സ്ഥാപിക്കുന്നതിന് സ്ഥലം വിട്ടുകിട്ടുന്നതിന് സ്ഥലം എം.എൽ.എയുമായി ബന്ധപ്പെട്ട് ചർച്ചകൾ നടത്തിവരുന്നു.<br>ഓണം കളി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചാലക്കുടിയിൽ അക്കാദമിയുടെ നേതൃത്വത്തിൽ ഓണം കളി മത്സരം 2017 സെപ്റ്റംബർ മാസം സംഘടിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ വിജയികൾക്ക് അതായത്, ഒന്നും രണ്ടും മൂന്നും സ്ഥാനങ്ങൾക്ക് യഥാക്രമം 3000/-, 2000/-, 1000/- എന്നീ ക്രമത്തിൽ പുരസ്കാരം നൽകുവാൻ കേരള ഫോക്‌ലോർ അക്കാദമി തീരുമാനിച്ചിട്ടുണ്ട്. കേരള ഫോക്‌ലോർ അക്കാദമി കലാഭവൻ മണിക്ക്, മരണാനന്തര ബഹുമതി പുരസ്കാരം പ്രഖ്യാപിച്ചിട്ടുണ്ട്. |
| (ബി) | ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ